വാഗമൺ : മൂന്നാംകണ്ണ്
.ഫോട്ടോ പ്രദർശനവും സെമിനാറും
*റിപ്പോർട്ട് പേജ് 5, 6*

നിയമ സംസ്കാര കേന്ദ്രത്തിന്റെ ജനനീതി

വാല്യം : 10 ◆ ലക്കം : 12 ◆ ഡിസംബർ 2003 ◆ വരിസംഖ്യ– ആയുഷ്കാലം : 500 ക. ◆ കോപ്പി : 2.00 ക.

# ബൗദ്ധിക സ്വത്തവകാശ നിയമങ്ങൾ

## മുഖവുര

**നി**യമപ്രകാരം ഉറപ്പുവരുത്തിയിട്ടുള്ള താല്പര്യങ്ങളെയാണ് അവകാശങ്ങൾ എന്ന് പറയുന്നത്. അവകാശങ്ങൾ പല വിഭാഗങ്ങളിൽ പെടുന്നു. മൗലികാവകാശങ്ങളെക്കുറിച്ച് ആർക്കാണ് അറിഞ്ഞുകൂടാത്തത്? നിയമപരമായ അവകാശങ്ങൾ ആരുടേയും ഔദാര്യത്തിന്റെ ഫലമായി വ്യക്തിയോ സമൂഹമോ അനുഭവിക്കുന്നവയല്ല.

സ്വത്തവകാശങ്ങളെ സംബന്ധിച്ചും പ്രത്യയശാസ്ത്രപരമായ അഭിപ്രായ വ്യത്യാസങ്ങൾ നിലവിലുണ്ട് എന്ന് സമ്മതിക്കുമ്പോൾ തന്നെ സ്വകാര്യസ്വത്തവകാശം ഒരു യാഥാർത്ഥ്യമാണെന്ന് അംഗീകരിക്കാതെ വയ്യ. സ്ഥാവരജംഗമവസ്തുക്കൾക്കുമേലുള്ള അവകാശങ്ങളെക്കുറിച്ച് ആർക്കും എളുപ്പം മനസ്സിലാകും. ബൗദ്ധിക സ്വത്തവകാശം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് മനുഷ്യമനസ്സിന്റെ സൃഷ്ടികൾ അഥവാ നൈപുണ്യത്തിന്റെ സൃഷ്ടികൾക്കുമേലുള്ള അവകാശങ്ങളെയാണ്. പകർപ്പവകാശം, പേറ്റന്റുകൾ, വിപണന മുദ്രകൾ, ശാസ്ത്രീയ സൃഷ്ടികൾ, കമ്പ്യൂട്ടർ പ്രോഗ്രാമുകൾ, സ്വരലേഖനം, ചിത്രഗ്രഹണം എന്നിവയെ സംബന്ധിച്ച അവകാശങ്ങൾ ഈ വിഭാഗത്തിൽപെടുന്നു.

## വർഗ്ഗീകരണം

വ്യാപാരസംബന്ധമായ ബൗദ്ധികസ്വത്തവകാശ കരാറി(Trade Related Intellectual Property Rights Agreement - TRIPS Agreement)ൻ കീഴിൽ വരുന്ന ഇനങ്ങൾ താഴെ പറയുന്നവയാണ്.

### 1. പകർപ്പകാശവും ബന്ധപ്പെട്ട മറ്റവകാശങ്ങളും

(i) ചിത്രകാരന്മാർ, സംഗീതജ്ഞർ, ശില്പികൾ, ഫോട്ടോഗ്രാഫർമാർ, എഴുത്തുകാർ, കവികൾ തുടങ്ങിയവർക്ക് തങ്ങളുടെ സൃഷ്ടികൾക്കുമേലുള്ള അവകാശങ്ങൾ.

(ii) കമ്പ്യൂട്ടർ പ്രോഗ്രാമർമാർക്ക് മൂലഭാഷ (Source Code) യിലും മൂലഭാഷയെ യന്ത്രഭാഷയാക്കി മാറ്റാൻ സൃഷ്ടിക്കുന്ന രഹസ്യഭാഷയിലും ഉള്ള അവകാശങ്ങൾ.

(iii) കലാപരിപാടികൾ അവതരിപ്പിക്കുന്നവർക്കും(Performers) അവ പ്രക്ഷേപണം/സംപ്രേഷണം ചെയ്യുന്നവർക്കുമുള്ള അവകാശങ്ങൾ.

2. ബിസിനസ്സ് സ്ഥാപനങ്ങൾക്ക് വിപണനമുദ്ര (Trade marks) കൾക്കുമേലുള്ള അവകാശങ്ങൾ

3. ഉൽപന്നങ്ങൾ, സൃഷ്ടികൾ എന്നിവയുടെ ഭൂമിശാസ്ത്രപരമായ സൂചകങ്ങൾ (geographical Indicators) ക്കു മേൽ ഉൽപാദകർക്കും സ്രഷ്ടാക്കൾക്കും ഉള്ള അവകാശങ്ങൾ.

4. രൂപകല്പനകൾ തയ്യാറാക്കുന്നവ (designers) രുടെ അവകാശങ്ങൾ

5. പേറ്റന്റുകൾ

(i) ഉൽപന്നങ്ങൾക്കും ഉൽപാദന രീതികൾക്കും മേലുള്ള ഉൽപാദകന്റെയും ഗവേഷകന്റേയും അവകാശങ്ങൾ

(ii) കർഷകരുടേയും സസ്യപ്രജനനകരുടേയും അവകാശങ്ങൾ

(iii) ജൈവവൈവിദ്ധ്യം സംബന്ധിച്ച അവകാശങ്ങൾ

6. സംയോജിത പ്രവാഹപഥ (integrated circuits)ങ്ങളുടെ രൂപകല്പനയിൽ കമ്പ്യൂട്ടർ സാങ്കേതിക വിദഗ്ദ്ധർക്കുള്ള അവകാശം.

7. സാങ്കേതിക വിദ്യകൾ, മാനേജ്മെന്റ് എന്നിവ സംബന്ധിച്ച് വെളിപ്പെടുത്താത്ത ബിസിനസ് താല്പര്യങ്ങൾ സംരക്ഷിക്കാനുള്ള അവകാശങ്ങൾ.

### ലോക ബൗദ്ധിക സ്വത്ത് സംഘടന

ഐക്യരാഷ്ട്ര സഭയ്ക്കു കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് ലോക ബൗദ്ധിക സ്വത്തു സംഘടന (World Intellectual Property Organisation - WIPO) സ്റ്റോക്ക് ഹോമിൽ 1967 ജൂലായ് 14നാണ് വൈപ്പോ എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന ഈ സംഘടന സ്ഥാപിച്ചുകൊണ്ടുള്ള പ്രമാണം അംഗീകരിക്കപ്പെട്ടത്. ബൗദ്ധിക സ്വത്തവകാശങ്ങൾ സംബന്ധിച്ച കാര്യങ്ങൾ ചർച്ചചെയ്യാനും തീരുമാനങ്ങളെടുക്കാനുമുള്ള ഒരു അന്താരാഷ്ട്ര വേദിയായി വൈപ്പോ നിലകൊണ്ടു. നൂറ്റിഎഴുപതിലേറെ രാഷ്ട്രങ്ങൾ വൈപ്പോയിൽ അംഗങ്ങളാണ്. വൈപ്പോയുടെ കീഴിൽ അനേകം സമിതികളും ഉപസമിതികളുമുണ്ട്. വേൾഡ് വൈഡ് അക്കാദമി (World Wide Academy) എന്നറിയപ്പെടുന്ന സമിതിയാണ് ബൗദ്ധിക സ്വത്തവകാശങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലോകവ്യാപകമായി പ്രചരിപ്പിക്കുന്ന ധർമ്മം നിറവേറ്റുന്നത്. അനുയോജ്യമായ ബൗദ്ധിക സ്വത്തവകാശ നിയമങ്ങൾ നിർമ്മിക്കാൻ വികസ്വര രാഷ്ട്രങ്ങൾക്ക് വൈപ്പോ സാങ്കേതിക സഹായം നൽകിയിട്ടുണ്ട്.

## അന്താരാഷ്ട്ര കരാറുകൾ

ബൗദ്ധിക സ്വത്തവകാശ സംരക്ഷണം സംബന്ധിച്ച് അനേകം അന്താരാഷ്ട്രസമ്മേളനങ്ങളും ധാരണകളും ഉണ്ടായിട്ടുണ്ട്. ഇവയിൽ പ്രധാനമായവ മാത്രം എടുത്തുപറയട്ടെ.

1. വ്യാവസായിക സ്വത്തുസംരക്ഷണം സംബന്ധിച്ച പാരീസ് ഉടമ്പടി (1967)

2. സാഹിത്യം, കലാസൃഷ്ടികൾ എന്നിവയുടെ സംരക്ഷണം സംബന്ധിച്ച ബേൺ കരാർ (1971)

3. കലാപരിപാടികൾ അവതരിപ്പിക്കുന്നവർ, അവ ആലേഖനം ചെയ്യുന്നവർ, പ്രക്ഷേപണം/സംപ്രേഷണം ചെയ്യുന്നവർ തുടങ്ങിയവരുടെ/സ്ഥാപനങ്ങളുടെ അവകാശങ്ങളെ സംബന്ധിച്ച് റോമിൽ ചേർന്ന സമ്മേളനം അംഗീകരിച്ച കരാർ (1961)

4. സംയോജിത പ്രവാഹപഥങ്ങളെ സംബന്ധിച്ച് വാഷിങ്ങ്ടൺഡിസിയിൽ രൂപം നൽകിയ അന്താരാഷ്ട്ര ഉടമ്പടി (Treaty on Intellectual Property in respect of Integrated circuits IPIC Treaty 1989)

5. വൈപ്പോ ഉടമ്പടി (1967)

മേൽപറഞ്ഞ അഞ്ചുഉടമ്പടികൾ പ്രത്യേകം എടുത്തുകാട്ടിയതിന് കാരണമുണ്ട്. ലോക വ്യാപാരസംഘടന (World Trade Organisation - WTO) യിലെ അംഗരാഷ്ട്രങ്ങൾ അംഗീകരിച്ച ട്രിപ്സ് കരാർ ഈ അഞ്ചുബൗദ്ധിക സ്വത്തവകാശ ഉടമ്പടികളെയും പ്രത്യേകം പരിഗണിക്കുകയുണ്ടായി. വ്യത്യസ്ത വിഭാഗങ്ങൾക്കു കീഴിൽ വരുന്ന കരാറുകൾ താഴെ കൊടുത്തിരിക്കുന്നു.

## പകർപ്പവകാശം സംബന്ധിച്ച അന്താരാഷ്ട്ര ഉടമ്പടികൾ

1. അന്താരാഷ്ട്ര പകർപ്പവകാശ ഉടമ്പടി (1952, 1971, 1974)
2. അവിഹിത പകർപ്പുകൾക്കെതിരെ ശബ്ദ/ചിത്ര ആലേഖന നിർമ്മാതാക്കൾക്കുള്ള അവകാശ സംരക്ഷണ കരാർ (ജനീവ, 1971)
3. കൃത്രിമ ഉപഗ്രഹങ്ങൾ വഴി വിതരണം ചെയ്യുന്ന പരിപാടികളെ സംബന്ധിച്ച ഉടമ്പടി (ബ്രസൽസ്, 1974)
4. ശ്രാവ്യ ദൃശ്യ പരിപാടികളുടെ അന്താരാഷ്ട്ര രജിസ്ട്രേഷൻ സംബന്ധിച്ച ജനീവാഉടമ്പടി (1992)
5. വൈപ്പോ പകർപ്പവകാശ ഉടമ്പടി (1996)

## വിപണന മുദ്രകളെ സംബന്ധിച്ച അന്താരാഷ്ട്ര കരാറുകൾ

1. വിപണന മുദ്രകളുടെ അന്താരാഷ്ട്ര രജിസ്ട്രേഷൻ സംബന്ധിച്ച മാഡ്രിഡ് സമവായം (1979)
2. മാഡ്രിഡ് സമവായം സംബന്ധിച്ച പൊതുധാരണകളും നിബന്ധനകളും (1989)
3. വിപണന മുദ്രകളുടെ അന്താരാഷ്ട്ര രജിസ്ട്രേഷനുവേണ്ടി തയ്യാറാക്കിയതും ചരക്കുകളുടേയും സേവനങ്ങളുടേയും വർഗ്ഗീകരണം സംബന്ധിച്ചതുമായ കരാർ (1957)
4. മുദ്രകളിലെ ചിത്രാലങ്കാരങ്ങളുടെ അന്താരാഷ്ട്ര വർഗ്ഗീകരണം സംബന്ധിച്ച വിയന്നാ ഉടമ്പടി (1973)

## ഭൂമിശാസ്ത്രപരമായ സൂചകങ്ങൾ സംബന്ധിച്ച അന്താരാഷ്ട്ര ധാരണകൾ

1. ചരക്കുകളുടെ ഉത്ഭവസ്ഥലത്തെക്കുറിച്ച് തെറ്റായതോ തെറ്റിദ്ധരിപ്പിക്കുന്നതോ ആയ വിവരണങ്ങൾക്കെതിരെ നടപടികൾ കൈക്കൊള്ളുന്നത് സംബന്ധിച്ച മാഡ്രിഡ് ഉടമ്പടി (1967)
2. ഉൽപന്നങ്ങൾക്ക് പ്രത്യേക ഭൂപ്രദേശവുമായി നിലവിലുള്ള അഭേദ്യമായ ബന്ധത്തെ സംബന്ധിച്ച് അന്താരാഷ്ട്ര രജിസ്ട്രേഷൻ നൽകുന്നതിനെക്കുറിച്ചുള്ള ലിസ്ബൺ കരാർ (1979)

### വ്യാവസായിക രൂപകല്പന (Industrial Designs) കളെ സംബന്ധിച്ച അന്താരാഷ്ട്ര കരാറുകൾ

1. വ്യാവസായിക രൂപകല്പനകളുടെ നിക്ഷേപം സംബന്ധിച്ച അന്താരാഷ്ട്ര കരാർ (ഹേഗ്, 1960)
2. വ്യാവസായിക രൂപകല്പനകൾക്ക് അന്താരാഷ്ട്ര തലത്തിൽ ഒരു വർഗ്ഗീകരണം നടപ്പാക്കുന്നതു സംബന്ധിച്ച ലൊകാർനോ ഉടമ്പടി (1968)

## പേറ്റന്റുകളെ സംബന്ധിച്ച അന്താരാഷ്ട്ര ഉടമ്പടികൾ.

1. പേറ്റന്റ് സഹകരണ ഉടമ്പടി (1970)
2. അണുജീവികളുടെ നിക്ഷേപം സംബന്ധിച്ച അന്താരാഷ്ട്ര ധാരണ (ബുഡാപെസ്റ്റ് ഉടമ്പടി 1980)
3. യുറേഷ്യൻ പേറ്റന്റ് ഉടമ്പടി (1973)
4. അന്താരാഷ്ട്ര പേറ്റന്റ് വർഗ്ഗീകരണ കരാർ (സ്ട്രാസ്ബർഗ് ഉടമ്പടി)
5. യുറോപ്യൻ പേറ്റന്റ് കൺവെൻഷൻ (1973)
6. നവീന സസ്യ ഇനങ്ങളുടെ അവകാശ സംരക്ഷണത്തിനായുള്ള അന്താരാഷ്ട്ര ധാരണ (Union for protection of New Plant Varieties - UPOV 1961, 1972, 1978, 1991)
7. ജൈവ വൈവിദ്ധ്യ സംരക്ഷണ ഉടമ്പടി (റിയോ ഡി ജാനിറോ 1992)
8. ജൈവ വൈവിദ്ധ്യ സംരക്ഷണ കരാറിലെ വ്യവസ്ഥകളുടെ നടത്തിപ്പ് സംബന്ധിച്ച അന്താരാഷ്ട്ര സമ്മേളന രേഖ (മോൺട്രീൽ, 1999)

### എന്താണ് ട്രിപ്സ്?

ബൗദ്ധിക സ്വത്തവകാശസംരക്ഷണം സംബന്ധിച്ച് അംഗരാഷ്ട്രങ്ങൾ പാലിക്കേണ്ട ഏറ്റവും ചുരുങ്ങിയ നിബന്ധനകളാണ് ട്രിപ്സ് കരാറിലുള്ളത്. ലോകവ്യാപാരസംഘടനയുടെ രൂപീകരണത്തിലേയ്ക്കു നയിച്ച ഉറുഗ്വേ ചർച്ചകളുടെ പ്രാരംഭ പ്രഖ്യാപനത്തിൽ (Punte de Este Declaration, 1986) ട്രിപ്സിനെക്കുറിച്ച് യാതൊന്നും പറഞ്ഞിരുന്നില്ല. 1980 കളുടെ അവസാനത്തിൽ ലോകവ്യാപാരസംഘടനയുടെ രൂപീകരണം സംബന്ധിച്ച കരാറിന്റെ അനുബന്ധം 1 C യായി ട്രിപ്സ് കൂട്ടിച്ചേർക്കപ്പെട്ടു. അങ്ങനെ ട്രിപ്സ് കരാർ ലോകവ്യാപരസംഘടനയുടെ അവിഭാജ്യഘടകമായിത്തീർന്നു. മുമ്പു പ്രസ്താവിച്ച ഏഴ് വിഭാഗങ്ങളിൽപ്പെട്ട ബൗദ്ധിക സ്വത്തവകാശങ്ങളും 73 നിബന്ധനകളും ഈ ഉടമ്പടി ഉൾക്കൊള്ളുന്നു.

ട്രിപ്സ് കരാറിന്റെ അംഗീകാരം യു.എസ്സിലും യുറോപ്പിലും ജപ്പാനിലുംആസ്ഥാനമുറപ്പിച്ചിരിക്കുന്ന ബഹുരാഷ്ട്രക്കമ്പനികളുടെ വിജയമായിരുന്നു. ബൗദ്ധിക സ്വത്തവകാശങ്ങൾക്ക് ഫലപ്രദമായ നിയമസംരക്ഷണം ഉറപ്പുവരുത്തണമെന്ന് വികസിത ലോകം ആവശ്യപ്പെട്ടു. ഇതിനായി പുതിയ നിയമങ്ങളും അച്ചടക്ക നടപടികളും ഉണ്ടാകണം. വിപണി സംബന്ധമായ ബൗദ്ധിക സ്വത്തവകാശങ്ങളുടെ അടിസ്ഥാന തത്ത്വങ്ങൾ, വിപുലമായ സാദ്ധ്യതകൾ, ഗുണനിലവാരം സംബന്ധിച്ച നിബന്ധനകൾ എന്നിവയിൽ ഊന്നിക്കൊണ്ടുള്ള സമീപനം കൈക്കൊണ്ടേ തീരു. നിയമങ്ങൾ നടപ്പാക്കാനും തർക്കങ്ങൾക്കു പരിഹാരമുണ്ടാക്കാനും ഉതകുന്ന സംവിധാനങ്ങൾ വേണം. ഈ വാദങ്ങളൊക്കെ അംഗീകരിയ്ക്കപ്പെട്ടു. ലോകവ്യാപാരസംഘടനയും ലോകബൗദ്ധിക സ്വത്തു സംഘടനയും ഈ മേഖലയിൽ നിലവിലുള്ള മറ്റു പ്രസ്ഥാനങ്ങളും സഹകരിച്ചു പ്രവർത്തിക്കണമെന്നും വികസനരംഗത്ത് ഏറ്റവും പിന്നോക്കം നിൽക്കുന്ന രാഷ്ട്രങ്ങളുടെ കാര്യത്തിൽ ബൗദ്ധിക സ്വത്തവകാശനിയമങ്ങളിലും നിബന്ധനകളിലും കൂടുതൽ അയവ് അനുവദിക്കണമെന്നും ധാരണയായി.

ലോക വ്യാപാരസംഘടനയിലെ അംഗരാഷ്ട്രങ്ങൾ ട്രിപ്സ് കരാറിലെ വ്യവസ്ഥകൾ പ്രകാരമുള്ള ബൗദ്ധിക സ്വത്തവകാശങ്ങൾ അംഗീകരിക്കുകയും അതിന് അവശ്യം വേണ്ട നിയമനിർമ്മാണവും ഭേദഗതികളും ഉറപ്പ് വരുത്തുകയും വേണം. ബൗദ്ധിക സ്വത്തവകാശം സംബന്ധിച്ച കാര്യങ്ങളിൽ സ്വന്തം നാട്ടുകാർക്കും വിദേശികൾക്കും ഒരേ നിയമവും നീതിയും പാലിക്കപ്പെടണം. ഒരു അംഗരാഷ്ട്രം തങ്ങൾക്കു പ്രിയപ്പെട്ട മറ്റൊരു രാഷ്ട്രത്തിലെ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ ബൗദ്ധിക സ്വത്തവകാശസംബന്ധമായ കാര്യങ്ങളിൽ നൽകുന്ന ആനുകൂല്യങ്ങൾ മറ്റു അംഗരഷ്ട്രത്തിലെ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ നിഷേധിക്കാൻ പാടില്ല.

ശാസ്ത്ര സാങ്കേതിക രംഗത്ത് ഗവേഷണവും ആധുനികവൽക്കരണവും പ്രോത്സാഹിപ്പിക്കാനും സാങ്കേതിക വിദ്യയുടെ കൈമാറ്റം എളുപ്പമാക്കാനും ഗവേഷകർക്കും ഉൽപാദകർക്കും ഉപഭോക്താക്കൾക്കും ഇവയുടെ സൽഫലങ്ങൾ ലഭ്യമാക്കാനും അങ്ങനെ

സാമൂഹിക സാമ്പത്തിക ക്ഷേമത്തിലേയ്ക്കുള്ള പ്രയാണം ത്വരിതപ്പെടുത്താനും അന്താരാഷ്ട്ര തലത്തിൽ തന്നെ ഈ മേഖലകളിൽ അവകാശങ്ങളും ചുമതലകളും തമ്മിലുള്ള സന്തുലനം സാദ്ധ്യമാക്കാനും ട്രിപ്സ് ലക്ഷ്യമിടുന്നു. പൊതുജനാരോഗ്യം, പോഷകാഹാര ലഭ്യത എന്നിവയെ മുൻനിർത്തി ബൗദ്ധിക സ്വത്തവകാശങ്ങളിൽ മാറ്റം വരുത്താൻ അംഗരാഷ്ട്രങ്ങൾക്ക് അവകാശമുണ്ടെങ്കിലും അത്തരം മാറ്റങ്ങൾ ട്രിപ്സ് കരാറിലെ നിബന്ധനകൾക്ക് വിരുദ്ധമാകാൻ പാടില്ല. ബൗദ്ധിക സ്വത്തവകാശ രംഗത്ത് തങ്ങളുടെ താല്പര്യസംരക്ഷണം ഉറപ്പുവരുത്താനായി ഒരു രാഷ്ട്രത്തിന് മറ്റൊരു രാഷ്ട്രവുമായി ചർച്ച നടത്തേണ്ടതുണ്ടെങ്കിൽ അതിന് അവസരം ലഭിച്ചേതീരു. രഹസ്യസ്വഭാവമില്ലാത്ത തെളിവുകൾ കൈമാറുന്നതിൽ വിമുഖത പാടില്ല. ഒരു രാഷ്ട്രത്തിലെ ബൗദ്ധികസ്വത്തവകാശനിയമമനുസരിച്ച് മറ്റൊരു രാഷ്ട്രത്തിലെ പൗരനോ സ്ഥാപനത്തിനോ എതിരെ നടപടികളെടുക്കേണ്ടി വന്നാൽ രണ്ടു രാഷ്ട്രങ്ങളും സഹകരിച്ചു പ്രവർത്തിക്കേണ്ടതും നിയമത്തിന് വഴങ്ങേണ്ടതുമാണ്. നിയമനടപടികൾ ലളിതവും സുതാര്യവും എളുപ്പം നടപ്പാക്കാൻ കഴിയുന്നതുമായിരിക്കണം.

ട്രിപ്സ് കരാറിനെയും ബൗദ്ധിക സ്വത്തവകാശനിയമങ്ങളെയും അവഗണിച്ചുകൊണ്ട് നിർമ്മിച്ച ഉൽപന്നങ്ങൾ തങ്ങളുടെ രാജ്യത്തിലേയ്ക്ക് ഇറക്കുമതി ചെയ്യപ്പെട്ടാൽ അവ വിപണിയിലെത്തുന്നതു തടയാൻ അംഗരാഷ്ട്രങ്ങൾക്ക് ബാദ്ധ്യതയുണ്ട്. ബൗദ്ധിക സ്വത്തവകാശ നിയമലംഘനം വഴി നിർമ്മിച്ച ഉൽപന്നങ്ങൾ കൈവശമുള്ളവർ അവ തങ്ങൾക്ക് എങ്ങനെ ലഭിച്ചു എന്ന് വെളിപ്പെടുത്തണം. അത്തരം ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും വില്പന നടത്തുകയും ചെയ്യുന്ന വഴികളെക്കുറിച്ച് തങ്ങൾക്ക് അറിയാവുന്ന കാര്യങ്ങൾ വ്യക്തമാക്കുകയും വേണം. ബൗദ്ധിക സ്വത്തവകാശികൾക്കുവരുന്ന നഷ്ടപരിഹാരം കോടതി ചെലവ്, വക്കീൽഫീസ് എന്നിവ നിയമലംഘകരിൽ നിന്ന് ഈടാക്കാം. മറ്റു ശിക്ഷകൾക്കു പുറമെയാണ് ഇത്തരം പിഴ ചുമത്തൽ. ചുരുക്കി പറഞ്ഞാൽ ട്രിപ്സ് കരാറിലെ വ്യവസ്ഥകൾ വളരെ കർക്കശമാണ്. തങ്ങൾ നിഷ്ക്കളങ്കരാണെന്ന് തെളിയിക്കേണ്ട ബാദ്ധ്യത കുറ്റമാരോപിക്കപ്പെട്ട വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ ആയിരിക്കും.

എയ്ഡ്സ്, ക്ഷയരോഗം, മലമ്പനി, തുടങ്ങിയ മഹാമാരികൾ ദേശീയ പ്രതിസന്ധികളെന്ന് വിളംബരം ചെയ്യുന്ന രാഷ്ട്രങ്ങൾക്ക് ഔഷധോല്പാദന മേഖലയിൽ അടിയന്തിര നടപടികൾ (ഉദാ : നിർബന്ധിത ലൈസൻസിങ്ങ്) സ്വീകരിക്കാൻ അവകാശമുണ്ട്. പക്ഷേ, പ്രായോഗികതലത്തിൽ അനേകം കടമ്പകൾ ഏർപ്പെടുത്താൻ വികസിത ലോകത്തിന് കഴിഞ്ഞിരിക്കുന്നു. അതുകൊണ്ടുതന്നെയാണ് ദോഹ വികസന പരിപാടി (Doha Development Agenda) ഒരു മരീചിക മാത്രമായി മാറിയത്. കാർഷിക സബ്സിഡി കുറയ്ക്കാൻ വികസിത ലോകം തയ്യാറാകാത്തതും ഒരു കീറാമുട്ടിയായി. കാൻകുണി (മെക്സിക്കോ) ലെ ലോക വ്യാപാരസംഘടനവേദിയിൽ നിന്ന് അവികസിത, വികസ്വര രാഷ്ട്രങ്ങൾ പിൻവാങ്ങുകയും ചെയ്തു.

ഉൽപാദന (Process) പേറ്റന്റുകൾ മാത്രം അനുവദിച്ച ഇന്ത്യയ്ക്ക് ഉൽപന്ന (Product) പേറ്റന്റു കൂടി അനുവദിക്കേണ്ടി വന്നത് ട്രിപ്സ് കരാറിനു വഴങ്ങേണ്ടി വന്നതുകൊണ്ടാണ് പാരമ്പര്യവിജ്ഞാനം, അണുജീവികൾ, ജീനുകൾ, ജനറ്റിക് എഞ്ചിനീയറിങ്ങ് വഴി ഉല്പാദിപ്പിച്ച ജീവജാലങ്ങൾ എന്നിവ വികസിത ലോകത്തിലെ വൻകമ്പനികൾ പേറ്റന്റു ചെയ്യുന്നു. അവികസിത നാടുകളുടെ കോപ്പിയടിക്കാർ എന്നു വിളിയ്ക്കുമ്പോൾ തന്നെ അവരുടെ നാട്ടറിവുകളെ ചൂഷണം ചെയ്ത് പേറ്റന്റ് ചെയ്യുന്ന ബഹുരാഷ്ട്രക്കമ്പനികളുടെ ധാർഷ്ട്യത്തെ ആക്റ്റിവിസ്റ്റുകൾ പരിഹസിക്കുന്നു.

മാരക്കെഷിൽവെച്ച് ലോകവ്യാപാര സംഘടനയുടെ രൂപീകരണം സംബന്ധിച്ച പ്രമാണത്തിൽ ഒപ്പുവെച്ച ഇന്ത്യ ബൗദ്ധിക സ്വത്തവകാശം സംബന്ധിച്ച എട്ട് നിയമങ്ങൾ/ഭേദഗതികൾ പാസാക്കുകയുണ്ടായി.

1. 1957 ലെ പകർപ്പവകാശ നിയമം 1999 ൽ ഭേദഗതി ചെയ്തു
2. വിപണന മുദ്ര നിയമം (1999) പാസാക്കി.
3. ഉൽപന്നങ്ങളുടെ ഭൂമിശാസ്ത്രപരമായ സൂചന (രജിസ്ട്രേഷനും സംരക്ഷണവും) കളെ സംബന്ധിച്ച നിയമം (1999) പാസാക്കി.
4. ഡിസൈൻസ് നിയമം (2000) പാസാക്കി
5. 1970 ലെ പേറ്റന്റ് നിയമം 1999 ലും 2002 ലും ഭേദഗതി ചെയ്തു
6. സസ്യഇനങ്ങളുടെ സംരക്ഷണവും കർഷകരുടെ അവകാശ സംരക്ഷണവും സംബന്ധിച്ച നിയമം (2001) പാസാക്കി
7. ജൈവവൈവിദ്ധ്യ നിയമം (2002) പാസാക്കി.
8. സെമി കണ്ടക്റ്ററുകൾ, ഇന്റഗ്രേറ്റഡ് സർക്യൂട്ടുകളുടെ രൂപകല്പന എന്നിവയെ സംബന്ധിച്ച നിയമം (2000) പാസാക്കി. ■

**പ്രതികരണം**

# പണിമുടക്കാനുള്ള സർക്കാർ ജോലിക്കാരുടെ അവകാശം

**പി. സി. അലക്സ് പെരുമ്പള്ളിക്കുന്നേൽ**

ഒരേ നാണയത്തിന്റെ രണ്ട് വശങ്ങളാണ് അവകാശങ്ങളും കടമകളും. കടമകൾ ശരിയായ വിധത്തിൽ നിർവ്വഹിക്കുന്നവർക്ക് മാത്രമേ അവകാശങ്ങൾക്ക് അർഹതയുള്ളൂ. അപ്പോൾ ഒരു ചോദ്യം. ശരിയായ കടമനിർവ്വഹണം എന്താണ്. പല തരത്തിലുള്ള വ്യാഖ്യാനങ്ങളും ഉണ്ടാവാം. ഒരവസരത്തിലെ 'ശരി' മറ്റൊരവസരത്തിൽ ശരിയാകില്ലെന്ന് വരാം. അപ്പോൾ എല്ലാം ആപേക്ഷികമാണെന്ന് വരുന്നു. ഒന്നും തന്നെ മാറ്റങ്ങൾക്ക് അതീതമല്ല. പൊതുവേ പറഞ്ഞാൽ മനുഷ്യരാശിയുടെ നിലനിൽപ്പിനും മാനസികവും ശാരീരികവും സാമൂഹികവുമായ ഉന്നമനത്തിനും ഉതകുന്നവയെല്ലാം ശരിയാണ്. അതിന് ചേരാത്തതെല്ലാം തെറ്റാണ്. ഈ പശ്ചാത്തലത്തിൽ വേണം സർക്കാർ ജീവനക്കാരുടെ സമരങ്ങളേയും വിലയിരുത്താൻ.

സർക്കാർ ജീവനക്കാർ അവരുടെ അവകാശങ്ങൾ പലപ്പോഴും ദുരുപയോഗപ്പെടുത്തിയതാണ് കോടതികളെക്കൊണ്ട് പണിമുടക്ക് നിരോധനം പോലെയുള്ള ഉത്തരവുകൾ പുറപ്പെടുവിക്കാൻ ഇടയാക്കിയത് എന്ന വാദത്തിൽ കഴമ്പില്ലേ? സർക്കാർ ജീവനക്കാർ സമരം ചെയ്യാതെ തന്നെ അവരുടെ ന്യായമായ ആവശ്യങ്ങൾ, (ബഹുഭൂരിപക്ഷം വരുന്ന സാമാന്യജനങ്ങളുടെ സ്ഥിതി പരിഗണിച്ചുകൊണ്ട്) നടത്തികൊടുക്കാനുള്ള ബാദ്ധ്യത സർക്കാരിനുണ്ട്. സമരം ചെയ്താലേ ആവശ്യങ്ങൾ പരിഗണിക്കു എന്നുള്ള അവസ്ഥ ഒരു സർക്കാരിന് ഭൂഷണമല്ല. സത്യസന്ധരായ ജീവനക്കാർക്ക് അവരർഹിക്കുന്ന എല്ലാ പരിഗണനകളും ഇന്ന് കിട്ടുന്നുണ്ടോ?

അവകാശങ്ങൾക്കൊപ്പം കടമകളെക്കുറിച്ചും ജീവനക്കാരെ ബോധവത്ക്കരിക്കാനുള്ള ഉത്തരവാദിത്വം അവരുടെ സംഘടനകൾ വേണ്ട വിധത്തിൽ നിർവ്വഹിക്കുന്നുണ്ടോ എന്ന കാര്യം ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെ നാട്ടിലെ രാഷ്ട്രീയ പ്രവർത്തന

➠ പേജ് 4

# കുർദ്ദികൾ : കുറെ ചോദ്യങ്ങളും

**അഡ്വ. ജോർജ്ജ് പുലികുത്തിയിൽ**

**ഏ**ഴുമക്കളുടെ അമ്മയായ അമീന ഖലീൽ ഇബ്രാഹി (52) ചെറിയ പെൺമക്കളായ ഈവ്വ (15), ലൊറീൻ (13) എന്നിവരോടൊപ്പം സിറിയയിൽ നിന്നും ഇംഗ്ലണ്ടിലെത്തിയ കഥപറയുമ്പോൾ നിർവ്വികാരതയാണ് മുഖത്ത്. വെളുത്ത കടലാസ്സിൽ ചുരുട്ടിയെടുത്ത പുകയില കത്തിച്ചുവലിക്കുന്നതിനിടയിൽ, രണ്ട് കിഡ്നികൾക്കും ക്ഷതം സംഭവിച്ചിട്ടുള്ള അമീന കുർദ്ദീഷിൽ പറയുന്നത് ഇംഗ്ലീഷിൽ വിവരിച്ചുതരാൻ കൊച്ചുമക്കൾ ലൊറീൻ നന്നേ വിഷമിക്കുന്നുണ്ടായിരുന്നു. സ്കൂളിൽ പോകാത്ത ലൊറീനും ഈവ്വയും ഏഴുമാസത്തെ ട്യൂഷൻ കൊണ്ട് ഇംഗ്ലീഷ് സംസാരിക്കാൻ തുടങ്ങിക്കഴിഞ്ഞു. ബുദ്ധിമതികളാണ് രണ്ടാളും.

ഭർത്താവ് മുഹമ്മദ് സുലൈമാൻ രാഷ്ട്രീയത്തടവുകാരനായി സിറിയയിൽ ജയിലിലാണ്. 'കുർദ്ദിസ്ഥാൻ' വാദം ഉന്നയിച്ചതാണ് കുറ്റം. പന്ത്രണ്ട് കൊല്ലം കഴിഞ്ഞിരിക്കുന്നു. ഏത് ജയിലിലെന്നറിയില്ല. ജീവിച്ചിരിപ്പുണ്ടോ എന്നും അറിയില്ല. സുലൈമാനെപ്പോലെ പോലീസിന്റെ പിടിയിലായ ആരെപ്പറ്റിയും പിന്നീടാരും ഒന്നും അറിഞ്ഞിട്ടില്ല. അറിയാൻ ആഗ്രഹിച്ചു ചെല്ലുന്നവരും പിന്നീട് തിരിച്ചുവരാറില്ല പോലും. കുർദ്ദികളുടെ അവസ്ഥയിതാണ്. സിറിയയിലും, ഇറാക്കിലും, ഇറാനിലും, തുർക്കിയിലുമായി 60 ദശലക്ഷത്തോള കുർദ്ദികൾ ഉണ്ട്. സിറിയയിലാണ് ഏറ്റവും കുറവ് (3.7 ദശലക്ഷം) കുർദ്ദികൾ ഏറ്റവുമധികം പീഡിപ്പിക്കപ്പെടുന്നതും സിറിയയിൽ തന്നെ. സദ്ദാമിന്റെ പതനത്തെത്തുടർന്ന് ഇറാക്കിൽ സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ട്.

കുർദ്ദികളിൽ മുസ്ലീമുകളും, ക്രിസ്ത്യാനികളും, സാത്താനെ ദൈവമായി പൂജിക്കുന്ന ഇസീദികളുമുണ്ട്. ലോകത്ത് ഒരിടത്തും ഇവർക്ക് പൗരത്വമില്ല. 'കുർദ്ദിസ്ഥാൻ' എന്ന സങ്കല്പരാജ്യത്തിലെ പൗരന്മാരാണിവർ. പലസ്തീനികളെപ്പോലെ ഇവർ സംഘടിതരോ, രാഷ്ട്രീയ നേതൃത്യം ഉള്ളവരോ അല്ല. തലമുറകളായി സിറിയയിൽ ജനിച്ചു വളർന്ന ഇവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് അവകാശമില്ല. ഗവണ്മേന്റിലോ സ്വകാര്യസ്ഥാപനങ്ങളിലോ തൊഴിലെടുക്കാൻ അനുവാദമില്ല. നിയമത്തിന്റെ പരിരക്ഷയുമില്ല. അവർ ജീവിക്കുന്നു എന്നതിന് തെളിവൊന്നുമില്ല. സ്വന്തമെന്നു പറയാൻ രാജ്യമോ, ഭരണവ്യവസ്ഥയോ, ചോദിച്ചുവാങ്ങാൻ അവകാശങ്ങളോ ഇല്ലാത്ത ഒരു ജനതയെപറ്റിയെന്താണ് പറയുക! അമീനയുടെ ഭർത്താവു മാത്രമല്ല ജയിലിലുള്ളത്, മൂത്ത ആൺമക്കളായ മസ്വൂദുലൊക്മാനും മൂത്തമകൾ നസീറിന്റെ ഭർത്താവും ജയിലിൽ തന്നെ. പക്ഷെ അവർ ഏത് ജയിലിലെന്ന് ആർക്കും അറിയില്ല. തെളിവെടുപ്പോ, കുറ്റവിചാരണയോ നിയമനടപടികളോ ഒന്നും അവകാശപ്പെടാനില്ലാത്ത അവർ എന്നെങ്കിലും തിരിച്ചുവരുമെന്ന പ്രതീക്ഷയും അമീനയ്ക്കില്ല. മൂത്ത ആൺമക്കളുടെ ഭാര്യമാർക്കും കുട്ടികൾക്കും എന്തു എന്തുസംഭവിച്ചുവെന്നും അറിഞ്ഞുകൂട. സിറിയയിൽ അമീന നടത്തി വന്നിരുന്ന പലചരക്ക് കട വിറ്റ് കിട്ടി. 25000 ദിനാർ ഒരു ഏജന്റിന് നൽകി. അമീനയും മൂന്ന് പെൺമക്കളും മൂത്തമകൾ നസ്റീനിന്റെ കുട്ടിയും ചരക്ക് കയറ്റിപോകുന്ന ട്രക്കിൽ ഒളിച്ചിരുന്ന് തുർക്കിയിൽ എത്തി. ചെറിയമകൻ ദിയാറും കൂടെയുണ്ടായിരുന്നു. തുർക്കിയിൽ മറ്റൊരു ട്രക്കിലേക്ക് മാറുന്നതിനിടയിൽ ദിയാർ പോലീസിന്റെ വലയിലായി. പിന്നീട് അവനെപ്പറ്റിയും ഒന്നും അറിഞ്ഞില്ല. മൂന്ന് പെൺമക്കളെയും ഒരു പേരക്കിടാവിനെയും കൊണ്ടു അമീന, വലിയ പെട്ടികൾ കയറ്റിപ്പോകുന്ന ഒരു ട്രക്കിന്റെ പുറകിൽ കയറി ഒളിച്ചിരുന്നു. അവരുടെ തലയ്ക്കു മുകളിൽ ഭാരമുള്ള നിരവധി പെട്ടികൾ. സംരക്ഷണത്തിന് ഉണ്ടായിരുന്നത് ഒരു പേനക്കത്തി മാത്രം. ദിവസങ്ങളോളം ഭക്ഷണമോ പ്രാഥമിക സൗകര്യങ്ങളോ കൂടാതെ തണുത്ത് മരവിച്ച് പെട്ടികൾക്കിടയിൽ കഴിഞ്ഞു. ദിവസങ്ങൾ കഴിഞ്ഞ് ഒരു തണുത്ത രാത്രിയിൽ അവർ ട്രക്കിൽ നിന്നും പുറത്തു ചാടി, എങ്ങോട്ടെന്നറിയാതെ നടന്നു. ചെന്നുപെട്ടത് ബ്രിട്ടീഷ് പോലീസിന്റെ കസ്റ്റഡിയിൽ. ഇംഗ്ലണ്ടിലെ ലീഡ്സ് (Leeds) എന്ന പട്ടണത്തിന് സമീപത്താണു തങ്ങൾ എത്തിപെട്ടതെന്ന് പിന്നീടാണ് അവർ അറിഞ്ഞത്. ആ ബഹളത്തിനിടയിൽ നസ്റീൻ എന്ന മകളെയും അവളുടെ കുട്ടിയെയും അമിനയ്ക്ക് നഷ്ടമായി. അവർക്ക് എന്തുപറ്റിയെന്നു അറിയാൻ കഴിഞ്ഞില്ല.

ബർമിംഗ് ഹാമിലെ അഭയാർത്ഥി ക്യാമ്പിൽ എത്തിപെട്ട അമീനയും രണ്ടുപെൺമക്കളും സിറിയയിലേക്ക് തിരിച്ചുപോകാൻ ആഗ്രഹിക്കുന്നില്ല. ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ട അവർക്ക് സ്വന്തം എന്നു പറയാൻ രണ്ടുപേരുണ്ട്. ജനനീതിയുടെ സുഹൃത്തുക്കളും ബ്രിട്ടീഷ് പ്രതിനിധികളുമായ റിച്ചാർഡ്സ് മാനിയാക്കും, മാർഗരറ്റും. ബ്രിട്ടീഷ് പൗരത്വത്തിനായുള്ള അമീനയുടെയും മക്കളുടെയും അപേക്ഷ തള്ളിയ ടോണി ബ്ലെയർ സർക്കാരിന്റെ മുമ്പിൽ അമീനയ്ക്കുവേണ്ടി സംസാരിക്കുന്നതും റിച്ചാർഡും മാർഗരറ്റും തന്നെയാണ്. അമീനയും മക്കളും മാത്രമല്ല അവരുടെ പരിരക്ഷയിലുള്ളത്. ഇറാക്കിൽ നിന്നും അഭയാർത്ഥികളായി എത്തിയിട്ടുള്ള ഏതാനും ചിലകുടുംബങ്ങളും.

അറുപതുലക്ഷം വരുന്ന കുർദ്ദിഷ് ജനതയുടെ നിലനില്പ് ഒരു രാജ്യവും അംഗീകരിക്കാതെ വരുമ്പോൾ ഒരു ചോദ്യം ന്യായമായും മനസ്സിൽ പൊന്തിവരുന്നു. എങ്കിൽ ഐക്യരാഷ്ട്രസംഘടന എന്ന പ്രസ്ഥാനത്തിന്റെ സാംഗത്യം എന്താണ്? ■

3 ➠ പേജ്

ശൈലിയ്ക്ക് തന്നെ മാറ്റം വരേണ്ടിയിരിക്കുന്നു. അഴിമതിമുക്തമായ കാര്യക്ഷമതയുള്ള ഒരു സർക്കാർ സർവ്വീസ് നിലവിൽ വരുമ്പോൾ പണിമുടക്ക് നിരോധനം പോലെയുള്ള കോടതിവിധികൾക്ക് തന്നെ പ്രസക്തിയുണ്ടാവുമോ?

ഏതെങ്കിലും അന്യായമായ നടപടികൾക്കെതിരെ പണിമുടക്കുമ്പോൾ ഉണ്ടാവുന്ന പ്രത്യാഘാതങ്ങൾ നേരിടാൻ അതിനിറങ്ങിത്തിരിക്കുമ്പോൾ തന്നെ മാനസികമായി തയ്യാറെടുക്കേണ്ടതുണ്ട്. കൈ നനയാതെ മീൻ പിടിക്കാനുള്ള ആഗ്രഹം നന്നല്ലല്ലോ. നമ്മുടെ നാട്ടിലെ എല്ലാ സംഘടിത രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഒരു പുനർവിചിന്തനം നടത്തേണ്ട കാലഘട്ടമാണിതെന്ന് തോന്നുന്നു. രാഷ്ട്രപുരോഗതിയ്ക്കായി ഇടുങ്ങിയ ചിന്താഗതികൾ മാറ്റിവച്ച് എല്ലാ വിഭാഗം ജനങ്ങളേയും ഒത്തൊരുമിച്ച് കൊണ്ടു പോകാനുള്ള കടമതങ്ങൾ നിർവ്വഹിക്കുന്നുണ്ടോ എന്ന് സർക്കാരും ചിന്തിക്കേണ്ടിയിരിക്കുന്നു. ■



# വാഗമൺ : മൂന്നാം കണ്ണ്

## സെമിനാർ റിപ്പോർട്ട്

ടൂറിസം പദ്ധതിയുടെ പേരിൽ വാഗമണിൽ നടക്കുന്ന പരിസ്ഥിതി നശീകരണത്തിനെതിരെ ജനനീതിയും ആകാശവാണി തൃശൂർ നിലയവും ചേർന്ന് നവമ്പർ 3-ാം തിയ്യതി വാഗമൺ : മൂന്നാംകണ്ണ് എന്ന ഫോട്ടോ പ്രദർശനവും സെമിനാറും തൃശ്ശൂർ സാഹിത്യ അക്കാദമി ആഡിറ്റോറിയത്തിൽ സംഘടിപ്പിക്കുകയുണ്ടായി. ജനനീതിയുടെ ഓഡിയോ വിഷൽ യൂണിറ്റിൽ പ്രവർത്തിക്കുന്ന അജയ്കുമാർ മേൽവീടിന്റെ ഫോട്ടോ പ്രദർശനം രാവിലെ 10.30ന് ജനനീതിയുടെ ചെയർമാൻ പ്രൊഫ. കെ.ജി. ശങ്കരപ്പിള്ള ഉദ്ഘാടനം ചെയ്തു. വികസനത്തിന്റെ മറവിൽ വാഗമണിൽ നടത്തുന്ന കടന്നുകയറ്റങ്ങളുടെയും തങ്ങളുടെ ആവാസ മേഖലയിൽ നിന്നും നിഷ്കാസിതരാകുന്ന പക്ഷികളുടേയും പൂക്കളുടെയും പൂത്തുമ്പികളുടേയും ചിത്രങ്ങൾ കാഴ്ചകാരന്റെ പൗര ധർമ്മത്തെ വിളിച്ചുണർത്തുന്നവയായിരുന്നു.

തുടർന്ന് ഉച്ചയ്ക്ക് 2 മണിക്ക് ആരംഭിച്ച സെമിനാർ; വാഗമൺ - പരിസ്ഥിതിയും മാനവികതയും പ്രശസ്ത ചിത്രകാരനും ശില്പിയുമായ ശ്രീ. എം. വി. ദേവൻ ഉദ്ഘാടനം ചെയ്തു. ജീവൻ നൽകുന്ന വഴികൾ കുഴിച്ചുമൂടുന്ന സമൂഹത്തിന്റെ പോക്ക് നാശത്തിലേക്കും മരണത്തിലേക്കുമാണ്. കുലനാശത്തിന്റെ വക്കിലാണ് നാം. പുൽമേടുകൾ പ്രകൃതിയുടെ ഉന്നതമായ അവസ്ഥയാണ്. അവ കൊത്തിക്കിളച്ച് റിസോർട്ടുകൾ ഉണ്ടാക്കുന്നു. നമുക്ക് ജീവൻ നൽകുന്ന എല്ലാ വഴികളെയും കുറിച്ച് നാം മറക്കുകയാണ്. ഈ പോക്ക് നാശത്തിന്റെ പടുകുഴിയിലേക്കാണ്. ചുറ്റുപാടുമുള്ള ജീവജാലങ്ങളെക്കുറിച്ചും നാം ചിന്തിക്കണം. പ്രകൃതി സംരക്ഷണത്തിനുവേണ്ടി ചിന്തിക്കുന്ന ഒരു തലമുറയെ വാർത്തെടുക്കാൻ സാഹിത്യ ലോകം മുൻകൈയ്യെടുക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ആകാശവാണി സ്റ്റേഷൻ ഡയറക്ടർ ശ്രീ. കെ.എ. മുരളീധരൻ അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് നടന്ന സെമിനാറിൽ ജനനീതിയുടെ ഡയറക്ടർ ബോർഡ് അംഗമായ ഡോ. ഫ്രാൻസീസ് സേവിയർ ജനനീതി വാഗമണിൽ നടത്തിയ പഠനയാത്രയെക്കുറിച്ചും വികസനത്തിന്റെ മറവിൽ അവിടെ നടത്തുന്ന ചൂഷണങ്ങളെ കുറിച്ചും പ്രതിപാദിച്ചു. കഴിഞ്ഞ 13 വർഷകാലമായി വാഗമൺ തന്റെ പഠനവിഷയമാക്കിയ പാലാ സെന്റ് തോമസ് കോളേജ് അദ്ധ്യാപകനായ ഡോ. ജോമിൻ അഗസ്റ്റിൻ വാഗമണിലെ ജൈവസമ്പത്തിനെക്കുറിച്ചും അവയുടെ നിലനില്പിനെ വികസനം എങ്ങിനെ അപകടപ്പെടുത്തുന്നു എന്നതും വിവരിച്ചു.



ഗാന്ധിയുവമണ്ഡലം സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. എബി ഇമ്മാനുവൽ വാഗമൺ സംരക്ഷിക്കാൻ നടത്തുന്ന സമരവും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും വിശദീകരിച്ചു. ജനനീതിയുടെ ലോ ഓഫീസർ അഡ്വ. ജാസ്മിൻ ജോസഫ് പരിസ്ഥിതി സംരക്ഷണ നിയമങ്ങളെക്കുറിച്ചും പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ചും സംസാരിച്ചു. വൈകീട്ട് 5 മണിക്ക് അവസാനിച്ച സെമിനാറിന് ആകാശവാണി പ്രോഗ്രാം എക്സിക്യൂട്ടീവ് ശ്രീമതി കെ. ആർ. ഇന്ദിര സ്വാഗതവും അഡ്വ. ആർ. കെ. ആശ നന്ദിയും പറഞ്ഞു.

●●●

ചോലകളും ചതുപ്പുകളും കേരളത്തിന്റെ ജലം. നന്നായിരിക്കുന്നു

**എസ്. ശങ്കർ**, KFRI

●

ഈ ചിത്രങ്ങൾ തിമിരം ബാധിച്ച മൂന്നാംകണ്ണിനെ ഓർമ്മപ്പെടുത്തുന്നു. വികസനത്തിന്റെ മതാന്ധതയുടെ പരിഷ്കാരത്തിന്റെ അജയ് ഹൃദയങ്ങളിൽ കലാപത്തിന്റെ വിപ്ലവത്തിന്റെ അതിജീവനത്തിന്റെ വിത്തുകൾ പാകുന്നു.

**ജോസ് മോൻ** P.G. Student

●

പരിസ്ഥിതി പ്രശ്നങ്ങളോട് ക്യാമറക്കണ്ണിലൂടെ പ്രതികരിയ്ക്കുന്ന അജയകുമാറിന് ആശംസകൾ

**അരുൺ ശ്രീധർ, മലയാള മനോരമ**

●

സത്യങ്ങൾ പുറത്തുകൊണ്ടുവരുവാൻ ധീരത കാണിച്ചവർക്ക് അഭിനന്ദനങ്ങൾ. പ്രത്യേകിച്ച് അജയ്കുമാറിനും

**കെ. രാധാകൃഷ്ണൻ**, ഡെപ്യൂട്ടി മേയർ, തൃശ്ശൂർ കോർപറേഷൻ

●

അജയ്കുമാറിന്റെ ക്യാമറക്കണ്ണിലൂടെയുള്ള വാഗമണ്ണിനെ കുറിച്ചുള്ള ഫോട്ടോകൾ വളരെ വളരെ നന്നായിരിക്കുന്നു. ഇതു സംഘടിപ്പിച്ച ജനനീതിക്കും അഭിനന്ദനങ്ങൾ

**കെ. ആർ . കുമാരൻ** ,കെ. എ. യു., ആർട്ടിസ്റ്റ്

●

ചിത്രങ്ങൾ അതീവഹൃദ്യം! കാഴ്ചക്കാരന്റെ മൂന്നാംകണ്ണ് തുറക്കാൻ പോന്നവയും

**എബി ഇമ്മാനുവൽ**, ഗാന്ധിമണ്ഡലം, കോട്ടയം

●




പ്രകൃതി സുന്ദരമാണ്, പ്രകൃതിയെ മൂന്നാം കണ്ണിലൂടെ നോക്കിക്കണ്ട
അജയകുമാറിന് എന്റെ ആശംസകൾ
രാജേഷ് നാട്ടിക

●

സുഹൃത്തേ വ്യഭിചരിക്കപ്പെടാൻ പോവുന്ന ഭൂമിയുടെ നിലവിളികളായി മാറുന്ന ചിത്രങ്ങൾ
സകല ജീവജാലങ്ങളുടേയും നിലനിൽപ്പിനു വേണ്ടി,
ജീവന്റെ പൊടിപ്പുകൾ മരിക്കാതിരിക്കാൻ ജനകീയ പ്രതിരോധം ഉയർന്നുവരട്ടെ.
പ്രകൃതിക്കും മനുഷ്യനും വേണ്ടി, വീണ്ടും ക്യാമറ തുറക്കുക.
**ജോയ് ജോസഫ്, അഞ്ചാണ്ടി, കൊരട്ടി, തിരുമുടിക്കുന്ന്**

●




ക്യാമറായുടെ കണ്ണും ചിത്രകാരന്റെ ഉൾക്കണ്ണും തമ്മിലുള്ള നല്ല സമന്വയം മനോഹരം

**ലിയോ ജോസഫ്**

●

ഈ ചിത്രങ്ങളുടെ മുന്നിൽ മൗനം പാലിക്കാൻ നിർബന്ധിതനാവുന്നു. മരിക്കുകയില്ല, ഭൂമിയെ കൊല്ലുകയാണ് നാം. ഇത് ഒരു വൻ പ്രതിരോധത്തിന്റെ പ്രതിഷേധത്തിന്റെ തുടക്കമാകട്ടെ, എല്ലാ ആശംസകളും

കെ. എ. മുരളീധരൻ, സ്റ്റേഷൻ ഡയറക്ടർ,
AIR തൃശ്ശൂർ

●

# പത്രസ്വാതന്ത്ര്യത്തിനു വേണ്ടി......

**ഹി**ന്ദു ദിനപത്രം തമിഴ്നാട് നിയമസഭയിലെ പ്രസംഗങ്ങൾ പ്രസിദ്ധീകരിച്ചതിനും മുഖപ്രസംഗത്തിൽ നടത്തിയ പരാമർശനത്തിനും പത്രത്തിന്റെ മുതിർന്ന റിപ്പോർട്ടുമാരുടേയും എഡിറ്ററുടേയും പേരിൽ സഭാ അലക്ഷ്യത്തിന് കേസെടുക്കുകയും അവരെ ശിക്ഷിക്കുകയും ചെയ്ത നടപടി അടിയന്തിരാവസ്ഥയിലെ കറുത്ത ദിനങ്ങളെയാണ് അനുസ്മരിപ്പിക്കുന്നത്. 1959 -ലെ 'സർച്ച്ലൈറ്റ്' കേസുമുതൽ ഹിന്ദുസംഭവം വരെ കാണിക്കുന്നത്. പത്രസ്വാതന്ത്ര്യവും നിയമസഭയുടെ വിശിഷ്ടാധികാരങ്ങളും തമ്മിലുള്ള സംഘർഷമാണ്. ഭരണഘടനയുടെ അനുച്ഛേദം 19 (1) (എ) പ്രദാനം ചെയ്യുന്ന വാഗ് സ്വാതന്ത്ര്യത്തിനും ആശയപ്രകടനത്തിനുള്ള സ്വാതന്ത്ര്യത്തിൽ പത്രസ്വാതന്ത്ര്യവും ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതേസമയം അനുച്ഛേദം 105 അനുസരിച്ച് പാർലിമെന്റിനും അനുച്ഛേദം 194 അനുസരിച്ച് സംസ്ഥാന നിയമസഭകൾക്കും വിശിഷ്ടാധികാരമുണ്ട്. തീർച്ചയായും നിയമസഭയും ഭരണഘടനയും തമ്മിലുള്ള തർക്കത്തിൽ അന്തിമ വ്യാഖ്യാതവും വിധികർത്താവും സുപ്രീം കോടതി തന്നെയാണ്. റൊമേഷ്താപ്പർ Vsസ്റ്റേറ്റ് ഓഫ് മദ്രാസ് (Romesh Tapper Vs State of Madras AIR 1950 SC 124) എന്ന കേസിൽ ചീഫ് ജസ്റ്റിസ് പതഞ്ജലി ശാസ്ത്രി ഇപ്രകാരം പ്രസ്താവിച്ചു. "വാഗ്സ്വാതന്ത്ര്യവും ആശയപ്രകടന സ്വാതന്ത്ര്യവും ജനാധിപത്യഘടനയുടെ അസ്ഥിവാരമാണ്. എന്തുകൊണ്ടെന്നാൽ സ്വതന്ത്രമായ രാഷ്ട്രീയ വിമർശനങ്ങൾ ജനാധിപത്യഗവൺമെന്റുകളുടെ വിജയകരമായ പ്രവർത്തനത്തിന് അവശ്യം ആവശ്യമത്രേ" എന്നാൽ 1959-ലെ സർച്ച് ലൈറ്റ് കേസിലും 1964 ലെ കേശവ് സിംഗ് കേസിലും ഭരണഘടനാ പ്രകാരമുള്ള വാഗ്സ്വാതന്ത്ര്യവും ആശയപ്രകടന സ്വാതന്ത്ര്യവും (പത്രസ്വാതന്ത്ര്യവും) നിയമസഭയുടെ വിശിഷ്ടാധികാരങ്ങൾക്ക് താഴെയെന്നാണ് സുപ്രീം കോടതി പ്രസ്താവിച്ചത്. ആശയവിനിമയ വിസ്ഫോടനത്തിന്റെ ഈ നൂറ്റാണ്ടിൽ അറിയാനുള്ള അവകാശം അംഗീകരിക്കപ്പെട്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സുപ്രീം കോടതിയുടെ ഇത്തരത്തിലുള്ള വിധിന്യായം പുനഃപരിശോധിക്കേണ്ടിയിരിക്കുന്നു. പത്രങ്ങളുടെ സത്യസന്ധമായ റിപ്പോർട്ടിങ്ങും വിമർശനങ്ങളും ശിക്ഷിക്കപ്പെടുവാൻ തുടങ്ങിയാൽ പിന്നെ ഒരു പത്രത്തിനും സഭാ അലക്ഷ്യം

പേജ് 7

ആൾദൈവ അനാവരണം

# മായാമാന്ത്രിക ഗണിതം

**എ.ബി. പ്രസാദ്**

"**മു**ണ്ഡ ശിരസ്ക്കനോ, ജടാധാരിയോ ആയ ഒരുവൻ, ശിഷ്യരോടുകൂടി ദർഭപ്പുല്ല് മാത്രം ഭക്ഷിക്കുന്നവൻ എന്ന വ്യാജേന ഒരിടത്ത് താമസമുറപ്പിക്കണം. ശിഷ്യന്മാർ അയാൾക്ക് അത്ഭുതശക്തികൾ ഉള്ളതായി പ്രചരിപ്പിക്കണം. ചാരപ്രവർത്തനം വഴിയും മറ്റും ലഭിക്കുന്ന അറിവുകൾ ഉപയോഗിച്ച് പ്രവചനങ്ങൾ നടത്തിയും, രാസവസ്തുക്കളാലും മറ്റും അത്ഭുതപ്പെടുത്തുന്ന, മാന്ത്രിക വിദ്യകൾ കാട്ടിയും അയാൾ ജനങ്ങളെ കയ്യിലെടുക്കണം ഇപ്രകാരം ജനവിശ്വാസം നേടിയ ഒരു ഗൂഢപുരുഷന്റെ സഹായത്തോടെ രാജാവ് ചാതുർവർണ്യത്തെ സംരക്ഷിക്കുകയും രാജാഭിവൃദ്ധി കൈവരിക്കുകയും ചെയ്തുകൊള്ളണം." *XI അർത്ഥശാസ്ത്രം*

രാജാധികാരം ലഭിക്കുവാനും നിലനിർത്തുവാനുമുള്ള കൗടില്യന്റെ നിർദ്ദേശങ്ങൾക്ക് ഇന്നും ശക്തിയുണ്ട് എന്ന് നമ്മുടെ നാട്ടിലെ അധികാരമോഹികൾ തെളിയിക്കുന്നു. രസതന്ത്രത്തിന്റേയും, ഊർജ്ജതന്ത്രത്തിന്റേയും നിഗൂഢതകൾ മാത്രമല്ല, ഗണിതശാസ്ത്രം പോലും ഇന്നത്തെ ഗൂഢപുരുഷന്മാരുടെ കയ്യിലെ ആയുധമാക്കി തീർന്നിരിക്കുന്നു.

ഇരുന്നൂറോളം അക്കങ്ങളുള്ള ഒരു സംഖ്യയുടെ നൂറ്റി ഒന്നാമത്തെ മൂലം (root) എട്ടു നിമിഷങ്ങൾ കൊണ്ട് കണ്ടെത്തുവാനുള്ള സിദ്ധി ലഭിച്ച മഹാമാന്ത്രികരെ ഇന്നു നമുക്കു കാണാം. വേഗതയിൽ മുന്നിട്ടു നില്ക്കുന്ന കമ്പ്യൂട്ടറുകൾക്ക് പോലും ഇത് അസാധ്യമാണ്. വേദപഠനം കൊണ്ടും, അനേക കാലത്തെ ഉപാസനകൊണ്ടും മാത്രം ലഭ്യമാകുന്ന ഈ കഴിവുകളെകുറിച്ച് അവരുടെ ശിഷ്യർ നാട്ടിലുടനീളം പാടിനടക്കുന്നു. ഇത്തരത്തിലൊരു മന്ത്രസിദ്ധി നമുക്കും കൈവരിക്കാൻ സാധിക്കുമോ? സാധിക്കും. ഇരുന്നൂറ്റി അൻപതിലേറെ അക്കങ്ങളുള്ള ഒരു സംഖ്യയുടെ നൂറ്റി ഇരുപത്തഞ്ചാം മൂലം നമുക്ക് കണ്ടെത്താം. അതിനായി അത്രയും അക്കങ്ങളുള്ളതും, നൂറ്റി ഇരുപത്തഞ്ചാം മൂലം പൂർണ്ണ സംഖ്യയുമായ ഒരു സംഖ്യ കണ്ടെത്തണം (50 നും 100നും ഇടയിലുള്ള ഏതെങ്കിലും സംഖ്യയെ യന്ത്രസഹായത്തോടെ 125 തവണ ഗുണിച്ചാൽ മതി!!!) ഈ സംഖ്യയിൽ എത്ര അക്കങ്ങളുണ്ട് എന്ന് നോക്കുക. പട്ടികയിൽ നിന്നും മൂലത്തിന്റെ പത്താം സ്ഥാനത്തെ അക്കം ഏതെന്ന് കണ്ടെത്താം. തന്നിരിക്കുന്ന സംഖ്യയുടെ ഒറ്റസ്ഥാനത്തെ അക്കം തന്നെയാകും മൂലത്തിനും ഉണ്ടായിരിക്കുക.

| അക്കങ്ങളുടെ എണ്ണം | | പത്തിന്റെ സ്ഥാനത്തെ അക്കം |
|---|---|---|
| $\leq 223$ | $\geq 214$ | 5 |
| $\leq 231$ | $\geq 223$ | 6 |
| $\leq 239$ | $\geq 231$ | 7 |
| $\leq 245$ | $\geq 239$ | 8 |
| $\leq 251$ | $\geq 245$ | 9 |

ഉദാ: 240 അക്കങ്ങളുള്ള ഒരു സംഖ്യയുടെ ഒറ്റ സ്ഥാനം 1 ആണെന്നിരിക്കട്ടെ. എന്നാൽ 125-ാം മൂലം 81 ആയിരിക്കാം.

പട്ടിക കാണാപാഠമാക്കുകയാണെങ്കിൽ നിങ്ങൾക്കും നിമിഷങ്ങൾ കൊണ്ട് അത്ഭുതം കാണിക്കാം. ദിവ്യശക്തി ശിഷ്യന്മാർ വഴി പ്രചരിപ്പിച്ച് വേണമെങ്കിൽ രാജാവുവരെയാകാം, കുറഞ്ഞ പക്ഷം 'രാജസേവക'നെങ്കിലും! ■

പേജ് 6

കോടതി അലക്ഷ്യം തുടങ്ങിയവയുടെ പേടി കാരണം ധീരമായ കൃത്യനിർവഹണം സാധ്യമല്ലാതായിതീരും. ജനങ്ങളുടെ അറിയാനുള്ള അവകാശം തമസ്കരിക്കപ്പെടുകയും ചെയ്യും.

ഇന്ത്യയെപ്പോലെ ഫെഡറൽ ഭരണഘടന നിലവിലുള്ള ഒരു ജനാധിപത്യരാഷ്ട്രത്തിൽ ബ്രിട്ടനിലെപോലെ പാർലിമെന്റിന് പരാധികാരം നൽകാനാവില്ല. ഭരണഘടന അനുശാസിക്കുന്ന രീതിയിൽ മാത്രം പ്രവർത്തിക്കാവുന്ന മൂന്നു മണ്ഡലങ്ങളാണ് - നിയമനിർമ്മാണ സഭയും, ജുഡീഷ്യറിയും എക്സിക്യൂട്ടീവും. അതിനാൽ തന്നെ ഏതോരു മണ്ഡലത്തിന്റേയും പ്രവർത്തനം ഭരണഘടാനുസൃതവും സുപ്രീം കോടതിയുടെ പുനഃപരിശോധനയ്ക്ക് വിധേയവുമായിരിക്കണം. അല്ലെങ്കിൽ കിരാതവായ മനുഷ്യാവകാശധ്വംസനങ്ങളുടെ ഈ കാലഘട്ടത്തിൽ ജനങ്ങളുടെ പ്രതിഷേധ സ്വരം കേൾപ്പിക്കുവാൻ നമുക്ക് പത്രങ്ങളും മാധ്യമങ്ങളും ഇല്ലാതാവുക തന്നെ ചെയ്യും.

കഴിഞ്ഞ അമ്പതിലേറെ കൊല്ലമായി നിയമസഭയുടെ വിശിഷ്ടാധികാരങ്ങൾ ക്രോഡീകരിക്കുവാനും അതുവഴി പരിമിതപ്പെടുത്തുവാനും ഉള്ള മുറവിളി ഇനിയും കേൾക്കാതിരുന്നാൽ മറ്റൊരു അടിയന്തിരാവസ്ഥ പ്രഖ്യാപനം കൂടാതെതന്നെ "രാജാവിന് വസ്ത്രമില്ല" എന്നു വിളിച്ചു പറയുന്നവർ കൽത്തുറങ്കിൽ അടക്കപ്പെടും. ■

## വാഗമൺ ഇന്ത്യക്കാരനായ എന്നെ വേദനിപ്പിക്കുന്നു

**ഞാ**ൻ ഡോ. സഗതേവൻ, കാനഡയിലെ Toronto യിൽ ശാസ്ത്രജ്ഞൻ, തമിഴ് നാട് സ്വദേശി. കേരളത്തിലെ ജനനീതിയുടെ ശാസ്ത്രീയ പഠനങ്ങൾ സാകൂതം വായിക്കുന്ന ഒരാളാണു ഞാൻ. Coca cola ഭീമന്റെ വെള്ളമൂറ്റലും കുടിവെള്ളത്തിന്മേലുള്ള കടന്നാക്രമണവും രണ്ടുവർഷം മുൻപ് ലോകത്തെ അറിയിച്ച ജനനീതി വിദഗ്ദ്ധ സംഘത്തെ, അന്ന് ഇന്ത്യയൊഴികെ മറ്റിടങ്ങളിലെയൊക്കെ പ്രകൃതി സ്നേഹികൾ ശ്രദ്ധിച്ചിരുന്നു.

ഇന്ന് വാഗമൺ പുൽമേടുകളെക്കുറിച്ച് അതിമനോഹരമായ ശാസ്ത്രീയ കാഴ്ചപ്പാടുമായി 'ജനനീതി വിദഗ്ദ്ധ സംഘം' Jananeehi.org എന്ന Web Page ലൂടെ ലോകത്തെ അറിയിച്ചതു ശ്ലാഘനീയമാണ്. 170 ലധികം ഓർക്കിഡുകൾ സ്വന്തമായുള്ള മേഖല, പുഴകളുടെ തുടക്കം ഒക്കെ ഇതിന്റെ പ്രാധാന്യം എടുത്തു കാട്ടുന്നു. കുടിവെള്ള കച്ചവടക്കാരുടെ ചരടുവലി മൂന്നാം ലോക രാഷ്ട്രങ്ങളുടെ ടൂറിസത്തിന്റെയും വികസനത്തിന്റേയും പുറകിലുണ്ടെന്നു ദയവായി തിരിച്ചറിയുക. നമ്മുടെ സസ്യമൃഗജാലങ്ങളുടെ ജനിതക ഘടനയുൾപ്പെടെ ചോർത്തിയെടുക്കപ്പെട്ടാൽ നാളെ എന്തു നാം ചെയ്യും. ഇന്ത്യയുടെ പ്ലാനേഴ്സ് ഉം ശാസ്ത്രജ്ഞന്മാരും ഒക്കെ എന്തേ ഇങ്ങനേ? വരും തലമുറയ്ക്കുകൂടി അവകാശപ്പെട്ട നമ്മുടെ പരിസ്ഥിതിയെ തീറെഴുതി നാടിനെ ഒറ്റിക്കൊടുക്കുമ്പോൾ നിങ്ങളറിയുക, നിങ്ങൾ സ്വാർത്ഥരാവുകയാണ്. പാരിസ്ഥിതിക ഭീകരത (Eco-terroism) ഇന്ത്യയുടെ വികസനത്തിന് വിഘാതമാവുമെന്ന് തിരിച്ചറിയുക. 'വാഗമൺ പരിസ്ഥിതി ഭീകരതയുടെ ചിഹ്നമാണ്. ഈ പ്രശ്നത്തെ വേറിട്ടുകണ്ട ജനനീതിക്ക് എന്റെ അഭിനന്ദനങ്ങൾ. ജനനീതിയുടെ വാഗമൺ ചിത്രങ്ങൾ അതിഗംഭീരമായിരിക്കുന്നു

ഡോ. സഗതേവൻ, Toronto, Canada

sagathevan@hotmail.com ■

Reg. No.3551/93/L Dis Reg. No. KL/CR/TCR/347/2003-2005

ജനനീതി

പത്രാധിപസമിതി ◆ കെ.ജി. ശങ്കരപ്പിള്ള ◆ സി.പി. ഗംഗാധരൻ ◆ സി.ആർ. നീലകണ്ഠൻനമ്പൂതിരി ◆ പി.എസ്. മനോജ് കുമാർ ◆ പി.എൻ. ഗോപീകൃഷ്ണൻ ◆ എൻ.എൻ. ഗോകുൽദാസ് ◆ ഫ്രാൻസീസ് സേവ്യർ ◆ ടോമി മാത്യു ◆ ജാസ്മിൻ ജോസഫ് ◆ ജോർജ്ജ് പുലികുത്തിയിൽ

# ഏകീകൃത സിവിൽ നിയമം അനിവാര്യമോ?

**ഫരീദ അൻസാരി**

**ഇ**ന്ത്യൻ ഭരണഘടനയിലെ രാഷ്ട്രനയ നിർദ്ദേശക തത്ത്വങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏകീകൃത സിവിൽ നിയമത്തെക്കുറിച്ച് കഴിഞ്ഞ കുറച്ച് വർഷങ്ങളായി സംവാദങ്ങളും ചർച്ചകളും നടന്നുകൊണ്ടിരിക്കുകയാണ്. വ്യക്തി നിയമങ്ങൾ ഏകീകൃതമാക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് പരമോന്നത നീതി പീഠം പല വിധി ന്യായങ്ങളിലൂടെ രാഷ്ട്രത്തിന്റെ ശ്രദ്ധക്ഷണിക്കുകയുണ്ടായി. 1985-ലെ ഷാബാനുകേസ്സിലും 1995 ലെ സരളാ മുദ്ഗൽ കേസ്സിലും അതുപോലെ തന്നെ ഏറ്റവും ഒടുവിൽ വിധി പ്രഖ്യാപിച്ച ഫാദർ ജോൺ വള്ളമറ്റത്തിന്റെ കേസ്സിലും എല്ലാ മതസ്ഥർക്കും ബാധകമാക്കുന്ന ഒരു പൊതു സിവിൽകോഡ് ആവിഷ്കരിക്കണമെന്ന സൂചന കോടതി മുന്നോട്ടു വെച്ചിരുന്നു. ഈ മൂന്നു കേസ്സിലും ന്യൂനപക്ഷ നിയമത്തിലെ അപാകതയെ ചൂണ്ടിക്കാണിച്ചുകൊണ്ട് കോടതി ഇത്തരം ഒരു നിർദ്ദേശം മുന്നോട്ടു വച്ചത്. ആദ്യത്തെ രണ്ടു കേസ്സുകളിൽ മുസ്ലീം വ്യക്തി നിയമത്തെയും മൂന്നാമത്തെ കേസ്സിൽ ക്രൈസ്തവ നിയമത്തിലെ അപകാതയെയുമാണ് കോടതി എടുത്തുകാണിച്ചത്.

ക്രിമിനൽ നടപടിക്രമമെന്ന പൊതു നിയമപ്രകാരം വിവാഹമോചനം നേടിയ മുസ്ലീം സ്ത്രീക്ക് സംരക്ഷണച്ചെലവിന് അധികാരമുണ്ടെന്ന് ഷാബാനുകേസ്സിൽ കോടതി വിധിച്ചു. പിന്നീട് 1986-ൽ മുസ്ലീം സ്ത്രീകളെ സംരക്ഷിക്കാനും, മൊഴിചൊല്ലിയ ഭാര്യയ്ക്ക് മറ്റൊരു വിവാഹം കഴിയുന്നതുവരെ ന്യായമായ തുക ചിലവിനു കൊടുക്കണമെന്നും, വിവാഹസമയത്ത് വാങ്ങിയ സ്വത്തുക്കളും സമ്പത്തുക്കളും തിരിച്ചുകൊടുക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് 1986-ൽ Muslim Womens Protection and rights on divorce Act എന്ന നിയമം പ്രാബല്യത്തിൽ വന്നു. ഏറ്റവും പുരോഗമനകരമായി കോടതികളിൽ ഉപയോഗസാദ്ധ്യതയുള്ള ഈ നിയമത്തെപോലും മുസ്ലീം മതപണ്ഡിതർ വിമർശിക്കുകയാണ് ചെയ്യുന്നത്. ഏകീകൃത സിവിൽ കോഡിന്റെ ആഹ്വാനം കാപട്യത്തിന്റേതാണെന്ന് അവർ വാദിച്ചു.

1995 ൽ പുറത്തുവന്ന സരളാ മുദ്ഗിൻ കേസ്സിന്റെ പശ്ചാത്തലം, പരാതിക്കാരായ നാലു ഹിന്ദുസ്ത്രീകളുടേയും ഭർത്താക്കന്മാർ, രണ്ടാം വിഹാഹത്തിനായി ഇസ്ലാം മതം സ്വീകരിച്ചു. എന്നതായിരുന്നു. ഒന്നിൽ കൂടുതൽ വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്ന ഒരു പുരുഷന് മുസ്ലീം നിയമ പ്രലോഭനമാവുമെന്നും ഈ പഴുതടയ്ക്കാൻ ഏകീകൃത സിവിൽ നിയമം സഹായകമാവുമെന്നും കോടതി നിരീക്ഷിച്ചു.

ഇന്ത്യയിലെ മുസ്ലീം വ്യക്തി നിയമ പരിഷ്കരണത്തോടനുബന്ധിച്ച് ഉന്നയിക്കപ്പെടുന്ന ഏറ്റവും ഗുരുതരമായ പ്രശ്നങ്ങളിലൊന്നാണ് ബഹുഭാര്യത്വം. പ്രാകൃത സാമൂഹ്യ വ്യവസ്ഥയുടെ അവശിഷ്ടമാണ് എന്നുപറഞ്ഞാൽ അധിഭാവുകത്വമാവില്ല. വിദ്യാഭ്യാസപരവും സാമ്പത്തികവുമായി പിന്നോക്കാവസ്ഥയിലുള്ള സ്ത്രീകൾ ഈ ദുരാചരണത്തിന്റെ പേരിൽ ഒരുപാട് അനുഭവിക്കുന്നുണ്ട്. സ്ത്രിയോടുള്ള അനീതിയാണത്. ആധുനിക സമൂഹത്തിൽ അപ്രസക്തമായ ഈ ദുരാചാരം മാറ്റേണ്ടത് അത്യാവശ്യമാണ് ബഹുഭാര്യത്വം പോലുള്ള ആചാരം ഇന്ത്യൻ ശിക്ഷാ നിയമ പ്രകാരം ശിക്ഷ ലഭിക്കാവുന്ന ഒരു കുറ്റകൃത്യമാണ് ഇന്ത്യൻ ശിക്ഷാ നിയമം 494-ാം വകുപ്പിൽ ഇതിനെക്കുറിച്ച് വ്യക്തമാക്കുന്നുണ്ട്. എല്ലാ മതസ്ഥരെയും ഈ വകുപ്പിന്റെ പരിധിയിൽ ഉൾപ്പെടുത്താനുള്ള ശ്രമമാണ് ആവശ്യം. അതിനായി ബന്ധപ്പെട്ട മത നേതാക്കന്മാരിൽ നിന്നും അതിനുവേണ്ട ശ്രമം ഉയർന്നുവരേണ്ടത് അഭികാമ്യമാണ്.

ഏറ്റവും ഒടുവിൽ വിധി പ്രഖ്യാപിച്ച ഫാദർ ജോൺ വള്ളമറ്റം കേസ്സിൽ ക്രൈസ്തവർക്കു ബാധകമായ ഇന്ത്യൻ പിന്തുടർച്ചാനിയമത്തിലെ 118-ാം വകുപ്പിന്റെ ഭരണഘടന സാധുതയെ ചോദ്യം ചെയ്യുകയാണ് ഉണ്ടായത്. ഈ കേസ്സിലെ വിധി പറഞ്ഞ ബഹു ജസ്റ്റിസ് ഖരെയാണ് ഏകീകൃതസിവിൽ കോഡിന്റെ ആവശ്യകതയെക്കുറിച്ച് പരാമർശം നൽകിയത്.

കോടതിയ്ക്ക് നിർദ്ദശിക്കാനുള്ള അധികാരം മാത്രമേയുള്ളൂ. നിയമ നിർമ്മാണം നടത്തേണ്ടത് പാർലിമെന്റാണ്. നിയമനിർമ്മാണത്തിനുമുമ്പ് പൊതുസിവിൽ കോഡിന്റെ രൂപരേഖ തയ്യാറാക്കി പൊതുജന അഭിപ്രായം ആരായേണ്ടത് അത്യാവശ്യമാണ്. ഹിന്ദു, മുസ്ലീം, ക്രൈസ്തവ വ്യക്തി നിയമങ്ങളിലെല്ലാം കൂടിയതോ കുറഞ്ഞതോ ആയ അളവിൽ അപാകതകളും, പഴുതുകളും ഉള്ളവയാണ്. പരിഷ്ക്കരണം അർഹിക്കാത്ത വ്യക്തിനിയമങ്ങളൊന്നും ഇന്ത്യയിലില്ല. ഈ പശ്ചാത്തലത്തിലാണ് ഏകീകൃത സിവിൽ കോഡിന്റെ പ്രസക്തി തെളിയുന്നത്. എല്ലാ സമുദായക്കാർക്കും ഒരു പോലെ ബാധകമാകുന്ന ഒരു വ്യക്തി നിയമം അനിവാര്യമാണ്. ലിംഗനീതിയും പൗരനീതിയും ഉറപ്പുവരുത്തു. എന്നതാവണം ഇതിന്റെ പ്രധാന ഉദ്ദേശം. ഇത്തരത്തിലുള്ള മാറ്റത്തിന് സാധ്യത എല്ലാ മതസ്ഥരിലുമുള്ള നീതി ബോധത്തിൽ നിന്നാകണം. മാറ്റം അംഗീകരിക്കാൻ തയ്യാറല്ലാത്തിടത്തോളം കാലം ഈ നിയമം താളുകളിൽ മാത്രമായി അവശേഷിക്കും.

വ്യക്തി നിയമങ്ങളിലെ അപാകതകളുടെ ഭാരം പലപ്പോഴും അതാത് സമൂഹത്തിലെ സ്ത്രീകളുടെ മേലാണ് പതിക്കാറ്. സ്ത്രീകളാകട്ടെ ഇത്തരം പ്രശ്നങ്ങളിൽ അഭിപ്രായ രൂപീകരണത്തിന് വേദി തേടാത്തവരും. സ്ത്രീ സംഘടനകളുടെ പ്രസക്തി ഇവിടെയാണ്. വിമർശിത സ്ത്രീകളുടെ സ്വരം സ്വാംശീകരിച്ച് ഈ സംവാദത്തിൽ മുഴക്കേണ്ടത് സ്ത്രീ സംഘടനകളുടെ ഉത്തരവാദിത്വമാണ്. ജോഷിന്റെ മേഖലകളിൽ നിന്നാരംഭിച്ച് ലിംഗ സമത്വത്തിലേയ്ക്കുയർത്താവുന്ന ഒരു കർമ്മ പദ്ധതി സ്ത്രീകളുടെ ആവശ്യമാണ്. കോടതി വിധികൾ ഇതിന് ഒരു പ്രേരക ഘടകം മാത്രമാണ്. ഇച്ഛാശക്തിയുള്ള ഒരു സ്ത്രീ സമൂഹവും മാറ്റത്തിനായി ആഗ്രഹിക്കുന്ന മനോഭാവവുമണിവിടത്തെ ആവശ്യം. ■

## ജനനീതി ഗ്രാമസ്വരാജ് പദ്ധതി

ജനനീതിയുടെ സമ്പൂർണ്ണ ഗ്രാമസ്വരാജ് പദ്ധതിയുടെ പ്രഥമ ആലോചനായോഗം 13.11.03ന് 4 മണിക്ക് തോട്ടപടി ജനനീതി ക്യാമ്പസിൽ വച്ച് കൂടുകയുണ്ടായി. തൃശ്ശൂർ നഗരസഭയുടെ 12-ാം ഡിവിഷൻ കൗൺസിലർ ശ്രീമതി ശാന്താ വാസുദേവന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വിവിധ രാഷ്ട്രീയകക്ഷി നേതാക്കൾ, പൗരപ്രമുഖർ, അംഗൻവാടി പ്രവർത്തകർ, അയൽക്കൂട്ടം കൺവീനർമാർ, തുടങ്ങിയവർ പങ്കെടുത്തു. ജനനീതി എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം പ്രൊഫ. എം. പി. ആന്റണി മാഷും പ്രോഗ്രാം ഓഫീസർമാരും പദ്ധതിയെ പറ്റി വിശദീകരിച്ചു. 15-ാം തിയ്യതി മുതൽ നടക്കുന്ന സർവ്വേയിലും തുടർന്നുള്ള മറ്റു പ്രവർത്തനങ്ങളിലും എല്ലാവിധ സഹായ സഹകരണങ്ങളും പങ്കെടുത്തവർ വാഗ്ദാനം ചെയ്തു.

Printed and published by : **Adv. Bijo Francis for *Niyama Samskara Kendram*, Jananeethi**, T.B.Road, Mission Quarters, Thrissur - 1. Tel :-487 2444473,Fax:-487- 2444474
E-mail : jananeethi@zyberway.com/gpneethi@sancharnet.in www.jananeethi.org/www.jananeethibulletin.org Printing : **St.Mary's Orphanage Offset Press**, Thrissur. Ph : 2446709